കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തഴക്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 7 - 804/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 07/10/2024
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തഴക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തഴക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തഴക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 7 - 804/2024 തീയ്യതി: 07/10/2024

ആലപ്പുഴ ജില്ലയിലെ തഴക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തഴക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ലിജിലാൽ ബി.	ഡെപ്യൂട്ടി ഡയറക്ടർ	08-08-2024	19-08-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
08-08-2024	19-08-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായാദേവി സി.എസ്., ഓഡിറ്റ് ഓഫീസർ
ശ്രീമതി സിന്ധ്യ പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുഷ റ്റി.പിള്ള, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജിനിൽ ആന്റണി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ഷീബാ സതീഷ്	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ ഗോപകുമാർ . എ	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ശാന്ത കുമാരി ജി	അസി . സെക്രട്ടറി	01-04-2023	31-03-2024

ശ്രീമതി സുമ തോമസ്	അസിസ്റ്റന്റ് എഞ്ചിനിയർ	01-04-2023	31-03-2024
ശ്രീമതി അനഹാ കൃഷ്ണൻ	കൃഷി ഓഫീസർ	01-04-2023	31-03-2024
ഡോ . ജോജി പാപ്പി ജോർജ്ജ്	മെഡിക്കൽ ഓഫീസർ,പി.എച്ച്.സി	01-04-2023	31-10-2023
ഡോ . വിദ്യ എൽ,ർ	മെഡിക്കൽ ഓഫീസർ,പി.എച്ച്.സി	01-11-2023	31-03-2024
ഡോ .മനു വി കെ	മെഡിക്കൽ ഓഫീസർ , ആയുർവ്വദം	01-04-2023	15-08-2023
ഡോ ശ്രീദേവി എൻ നമ്പൂതിരി	മെഡിക്കൽ ഓഫീസർ , ആയുർവ്വദം	16-08-2023	31-03-2024
ഡോ ജെസ്സി മാത്യൂസ്	മെഡിക്കൽ ഓഫീസർ , ഹോമിയോ	01-04-2023	02-05-2023
ഡോ. രഞ്ചു മോൾ ആർ	മെഡിക്കൽ ഓഫീസർ , ഹോമിയോ	03-05-2023	31-03-2024
ഡോ . രേണു രാജ്	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ശ്രീമതി ഷൈനി പി	ഹെഡ് മിസ്ട്രസ്സ്	01-04-2023	31-03-2024
ശ്രീ യദു ആർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	05-07-2023
ശ്രീ രതീഷ് കുമാർ കെ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	06-07-2023	31-03-2024
ശ്രീ ജോൺസൺ ഫിലിപ്പ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	14-07-2023
ശ്രീമതി ഷൈലജ ഒ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	15-07-2023	24-09-2023
ശ്രീമതി വിജയശ്രീ ജി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	25-09-2023	31-03-2024
ശ്രീ അഭയ് എസ് എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024
ശ്രീമതി റിഷി എസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ശ്രീ ദീപു എം	ഫിഷറീസ് സബ് ഇൻസ്പെക്ടർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ഡെപ്പേസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകത	1-1-1
3	ഇൻവെസ്റ്റ്മന്റ് രജിസ്റ്റർ	1-1-2
4	വസ്തു നികുതി - സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല	1-1-3
5	ആസ്തികളുടെ ഡിപ്രിസ്സിയേഷൻ തുക ആകെ ആസ്തി മൂല്യത്തേക്കൾ അധികമായി നിൽക്കുന്നു	1-1-4
6	ബജറ്റ്	1-2
7	സാമ്പത്തിക വിശകലനം	1-3
8	ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)	1-4
9	പദ്ധതി അവലോകനം	1-5
10	തൊഴിലുറപ്പു പദ്ധതി	1-6
11	ക്ഷേമപദ്ധതികൾ	1-7
12	ക്യാഷ് ബാലൻസ് പരിശോധന	1-8
13	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-9
14	ഓഡിറ്റ് ഇംപാക്ട് – ഓഡിറ്റ് അന്വേഷണത്തെ തുർന്ന് തൊഴിൽ നികുതി ഒടുക്കി	1-10
15	കരാർ ജീവനക്കാർക്ക് ഓണം അഡ്വാൻസ് അനുവദിച്ചത് -ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക തിരികെ അടച്ചു	1-11
16	അനധികൃത നിർമ്മാണങ്ങൾക്കെതിരെ സമയ ബന്ധിതമായി നടപടി സ്വീകരിക്കുന്നില്ല	1-12
17	വാടകയിനത്തിൽ വൻ കുടിശ്ശിക നിലനിൽക്കുന്നു	1-13
18	ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല	1-14
19	പാലിയേറ്റീവ് കെയർ പദ്ധതിയുടെ മരുന്ന് കൃത്യമായി ലഭ്യമാക്കുന്നതിൽ കെ.എം.സി.എൽ. ന്റെ ഭാഗത്തു നിന്നും വീഴ്ച	1-15
20	ഗുണഭോക്താവിന്റെ മരണശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ നൽകി	1-16
21	ടോയ്ലെറ്റ് നിർമ്മാണം - സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാതെ തുക ചെലവ് ചെയ്തു	1-17
22	മഴക്കാല പൂർവ്വ ശുചീകരണം -രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല	1-18
23	ഭിന്നശേഷിക്കാർക്ക് ആനുകൂല്യം - UDID (Unique Disability Identity Card) ലഭ്യമാക്കിയിട്ടില്ല	1-19
24	ഭവന പുനരുദ്ധാരണം - പ്രവർത്തി പൂർത്തിയാക്കിയിട്ടില്ല	1-20
25	അഗതിരഹിത കേരളം പദ്ധതിക്കായി കൈമാറുന്ന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നില്ല	1-21
26	രാസവളത്തിന് സബ്സിഡി -നടപടിക്രമങ്ങൾ പാലിച്ചില്ല	1-22
27	പ്രവർത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല	1-23
28	ലൈഫ് ഭവനം -നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല	1-24
29	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ	1-25
30	തൊഴിലുറപ്പ് പദ്ധതി- കരാറുകാരനിൽ നിന്ന് ജി എസ് ടി ഈടാക്കിയില്ല	1-26
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ / വായ്പാതിരിച്ചടവ്	4-4

5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 22.05.2024 -ലെ 6-ംനമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 05.06.2024 -ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തഴക്കര ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോൾ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി തഴക്കര ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകത

ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധ ഡെപ്പോസിറ്റുകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തി വാർഷിക സംക്ഷിപ്തം തയാറാക്കിയിട്ടില്ല. ആയതിനാൽ വിവിധ ഡെപ്പോസിറ്റ് തുകകളുടെ കൃത്യത പരിശോധിയ്ക്കാൻ സാധിച്ചില്ല. 2023-24 വർഷം മുതൽ വിവിധ ഡെപ്പോസിറ്റ് തുകകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ഓഡിറ്റ്

അന്വേഷണ (നം.22/19.824)ത്തിന് മറുപടി നൽകി. മുൻ വർഷങ്ങളിലുൾപ്പടെയുള്ള ഡെപ്പോസിറ്റ് വിവരങ്ങൾ കൃത്യമാക്കി രജിസ്റ്റർ ഹാജരാക്കേണ്ടതാണ്.

1-1-2 ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ

ഇൻവെസ്റ്റമെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-1-3 വസ്തു നികുതി - സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

1-1-4 ആസ്തികളുടെ ഡിപ്രിസ്സിയേഷൻ തുക ആകെ ആസ്തി മൂല്യത്തേക്കൾ അധികമായി നിൽക്കുന്നു

ഷെഡ്യൂൾ B-11(A) പ്രകാരമുള്ള ആസ്തികളുടെ ഡിപ്രിസിയേഷൻ തുക ഷെഡ്യൂൾ B-11 പ്രകാരമുള്ള ആകെ ആസ്തി മൂല്യത്തേക്കൾ അധികമായി നിൽക്കുന്നു.

1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് 20.03.2023 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

ഇനം	വരവ്	ചെലവ്
ബജറ്റ് പ്രകാരം	36,65,85,058	36,17,65,188
വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ)	18,95,40,856	19,74,29,127

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	1,85,01,511
വരവ്	7,44,35,045
ആകെ	9,59,36,556
ചെലവ്	7,87,98,940
നീക്കിയിരിപ്പ്	1,76,37,616

1-4 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

ഫണ്ടിനം		മുൻബാക്കി	വരവ്	ആകെ	ചെലവ്	ലാപ്സായ തുക
വികസനഫണ്ട് (പൊതുവിഭാഗം)		-	2,33,94,924	2,33,94,924	2,04,07,732	29,37,192
വികസനഫണ്ട് (എസ്.സി.പി)			1,34,84,079	1,34,84,079	1,07,02,338	27,81,842
വികസനഫണ്ട് (ടി.എസ്.പി)			-	-	-	
സംരക്ഷണഗ്രാന്റ് (റോഡ്)			1,82,42,650	1,82,42,650	52,50,061	1,29,92,589
സംരക്ഷണഗ്രാന്റ് (നോൺറോഡ്)			41,24,000	41,24,000	37,71,263	3,52,737
15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	ടൈഡ്	26,72,129	32,30,000	59,02,129	44,79,607	14,22,522
	അൺടൈഡ്	70,757	43,07,000	43,77,757	26,72,578	17,05,179

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ചത്-ശതമാനം
251	25,09,99,336	66	9,53,90,730	84	101	38

പദ്ധതി നിർവ്വഹണം

സ്പിൽ ഓവർ പ്രോജക്ടുകളും പുതിയ പ്രോജക്ടുകളുമായി ആകെ 251 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 66 എണ്ണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത് . എല്ലാ വിഭവ സ്രോതസ്സുകളിൽ നിന്നുമായി 250999336/- രൂപ വകയിരുത്തുകയും 95390730/-രൂപയാണ് ചെലവഴിച്ചിട്ടുള്ളത് .

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണവും തുകയും ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ആവിഷ്ക്കരിച്ച പ്രോജക്ടുകളുടെ എണ്ണം	നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ചെലവ് ശതമാനം
കൃഷി ഓഫീസർ	12	6	7516000	2231710	29.62
വെറ്ററിനറി സർജൻ	5	4	2559000	1472350	57.53
മെഡിക്കൽ ഓഫീസർ(പി എച്ച് സി)	10	5	4277650	2020662	47.23
മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)	2	2	1700000	1700000	100
വി ഇ ഒ 1	6	6	5096030	1289545	25.30
വി ഇ ഒ2	22	13	117259987	40126816	34.22
ഐ സി ഡി എസ് സൂപ്പർവൈസർ	14	7	6874750	3257642	47.38
സെക്രട്ടറി	59	22	32307787	19041150	58.93
എച്ച് എം	8	4	3677648	2141140	58.22
അസി.എഞ്ചിനീയർ	103	50	62871992	16505582	26.25
ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	2020000	1484134	73.47
അസി.സെക്രട്ടറി	9	7	7613492	4119999	54.11

കാർഷിക , പശ്ചാത്തല വികസന മേഖലകൾ പദ്ധതി നിർവ്വഹണത്തിൽ വളരെ അധികം പിന്നാക്കം പോയിട്ടുള്ളതായി മേൽ പട്ടിക പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു .പദ്ധതി അടങ്കലിൽ വകയിരുത്തിയ ജില്ലാ പഞ്ചായത്ത് , ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ കൃത്യമായി ലഭിക്കാതിരുന്നതും , വികസന ഫണ്ടിന്റെ അപര്യാപ്തതയും പദ്ധതി നിർവ്വഹണത്തിൽ വിഘാതമായി നിലകൊണ്ട ഘടകങ്ങളാണ് . ഇതു കൂടാതെ പദ്ധതി വർഷത്തിന്റെ അവസാന പാദത്തിൽ എല്ലാ ബില്ലുകളും ഒരുമിച്ച് സമർപ്പിച്ചതിനാൽ ട്രഷറിയിൽ നിന്നും തുക മാറി ലഭിക്കുന്നതിൽ വിഘാതമുണ്ടാകുകയും ചെയ്തു .ഇപ്രകാരം വികസന ഫണ്ട് , മെയിന്റനന്സ് ഗ്രാന്റ് ഇനങ്ങളില് 19064360/- രൂപ സ്പില്ല് ഓവറാവുകയോ ലാപ്സായി പോകുകയോ ചെയ്തിട്ടുണ്ട് . ഇത് തൻ വർഷ പദ്ധതി നിർവ്വഹണത്തിന്റെ ചെലവു ശതമാനവും ഗണ്യമായി കുറയുന്നതിന് ഇടയാക്കി . പദ്ധതി നിർവ്വഹണം കാര്യക്ഷമമായും സമയ ബന്ധിതമായും നടപ്പാക്കുന്നുവെന്ന് ഭരണ സമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ഉറപ്പാക്കേണ്ടതാണ് .

1-6 തൊഴിലുറപ്പു പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	10,91,489	9,25,455	20,16,944	19,92,926	24,018
ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്	-	2,44,99,218	2,44,99,218	2,44,99,218	-
ആകെ	10,91,489	2,54,24,673	2,65,16,162	2,64,92,144	24,018

1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	46,65,800	409
വിധവാപെൻഷൻ	1,56,25,100	1457
വാർദ്ധക്യകാലപെൻഷൻ	4,12,09,400	4009

വികലാംഗപെൻഷൻ	47,84,700	432
അവിവാഹിതപെൻഷൻ	7,57,200	72

1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.08.2024 തീയതിയിൽ 03:30 PM സമയത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ 4,734/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. എങ്കിലും ഏതാനും ചില പോരായ്മകൾ നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല.

2) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ പദ്ധതി ഫയലുകളിലൊന്നും മോണിട്ടറിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തുന്നില്ല.

3) ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇനം തിരിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

4) ലോൺരജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5) അനധികൃത നിർമ്മാണങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 ഓഡിറ്റ് ഇംപാക്ട് – ഓഡിറ്റ് അന്വേഷണത്തെ തുർന്ന് തൊഴിൽ നികുതി ഒടുക്കി

തഴക്കര ഗ്രാമപഞ്ചായത്തിൽ വഴുവാടി ഗവ. എൽ.പി.സ് സ്കൂൾ പി.റ്റി.സി.എം ആയ ഓമന കെ. യിൽ നിന്ന് കുറഞ്ഞ തൊഴിൽ നികുതി ഈടാക്കി.

ക്രമ നം.	പാദം	രസീത് നം.	അർദ്ധ വാർഷിക വരുമാനം	തുക ഈടാക്കേണ്ടത്	തുക ഈടാക്കിയത്	കുറവ്
4	ഒന്നാം	1230101526/9.8.23	130068	1250	750	500
5	രണ്ടാം	1230104056/7.2.24	132828	1250	1000	250

ടി വിവരങ്ങൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തെ (നം. 10/ 16.08.24) തുടർന്ന് ടിയാൾ ഫൈൻ സഹിതം 895/- രൂപ പഞ്ചായത്തിൽ അടച്ചു(രസീത് നം. 1240101593 19/08/2024).

1-11 കരാർ ജീവനക്കാർക്ക് ഓണം അഡ്വാൻസ് അനുവദിച്ചത് -ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക തിരികെ അടച്ചു

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള താല്ക്കാലിക ജീവനക്കാർക്ക് 2023-24 വർഷം ഓണം അഡ്വാൻസ് അനുവദിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു.

ക്രമ നം.	ജീവനക്കാരന്റെ പേര്, ഉദ്യോഗപ്പേര്	അനുവദിച്ച തുക	തിരികെ ഈടാക്കാൻ ശേഷിയ്ക്കുന്ന തുക
1	ജഫ്രി അൻസാരി, ഹോമിയോ അസിസ്റ്റന്റ്	6,000	4,000
2	സൌമ്യ എസ്., സ്വീപ്പർ	6,000	4,000
3	ലെജി വി., ഡ്രൈവർ	6,000	3,500

ജീവനക്കാർക്ക് നൽകിയ ഓണം അഡ്വാൻസ് പൂർണ്ണമായി തിരികെ ഈടാക്കിയിട്ടില്ല. കൂടാതെ മുൻ വർഷങ്ങളിലായി ഓണം അഡ്വാൻസ് കൈപ്പറ്റിയ ജീവനക്കാരിൽ നിന്ന് 4,000/- രൂപ തിരികെ ഈടാക്കാനുള്ളതായി കണ്ടു. അഡ്വാൻസ് തുകകൾ തിരികെ ഈടാക്കാൻ സ്വീകരിച്ച

നടപടികളുടെ വിശദാംശങ്ങൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം(നം. 19/17.8.24)നല്കിയതിനെ തുടർന്ന് ശ്രീ.ജഫ്രി അൻസാരി (ഹോമിയോ അസിസ്റ്റന്റ്)രസീത് നം. 124010101597/ 19.08.2024 പ്രകാരവും, ശ്രീമതി സൌമ്യ എസ്.(സ്വീപ്പർ) രസീത് നം. 124010101597/ 19.08.2024 പ്രകാരവും 4,000/- രൂപ വീതം ആകെ 8,000/- രുപ പഞ്ചായത്തിൽ അടച്ചു.
ശ്രീ.ലെജി വി.ഡ്രൈവറിൽ നിന്ന് ഈടാക്കാൻ അവശേഷിയ്ക്കുന്ന 3,500/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

1-12 അനധികൃത നിർമ്മാണങ്ങൾക്കെതിരെ സമയ ബന്ധിതമായി നടപടി സ്വീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് 7-ാം വാർഡിൽ കൊച്ചാലുമ്മൂട് ജംഗ്ഷനിൽ ശ്രീ.ആനന്ദ് ബി. യുടെ ഉടമസ്ഥതയിലുള്ള കൃഷ്ണ പ്രിയ ആർക്കേഡ് എന്ന കെട്ടിടത്തിൽ ഉള്ള കടമുറികൾ 70 /- രൂപ നിരക്കിൽ ചുവടെ ചേർക്കും പ്രകാരം അസസ്സ് ചെയ്തിട്ടുണ്ട്.

റൂം നം	വിസ്തീർണ്ണം
7/199 A	18.93 ച .മീ
7/199 B	18.93 ച .മീ
7/199 C	18.93 ച .മീ
7/199 D	18.93 ച .മീ
7/199 E	33.78 ച .മീ
7/199 F	25.93 ച .മീ

എന്നാൽ ഇതേ കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയയിൽ TEA BAR 818.Co എന്ന ഷോപ്പും India 1 ATM ഉം പ്രവർത്തിക്കുന്നുണ്ട്. ഇവ മേൽപ്പറഞ്ഞ കെട്ടിടത്തിന്റെ അനുബന്ധമായി അസസ്സ് ചെയ്യപ്പെട്ടവയാണോ അല്ലായെങ്കിൽ അനധികൃത നിർമ്മാണങ്ങളെന്ന നിലയിൽ തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 17/23-24/17.08.2024 ന് തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കുന്നതാണെന്ന് മറുപടി നല്കി.
സമാനമായി പ്രവർത്തിക്കുന്ന മറ്റ് കെട്ടിടങ്ങളുടെയും വസ്തു നികുതി കൃത്യമായി നിർണ്ണയിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 വാടകയിനത്തിൽ വൻ കുടിശ്ശിക നിലനിൽക്കുന്നു

ഗ്രാമപഞ്ചായത്തിലെ വാടക സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ വാടക പിരിച്ചെടുക്കുന്നതിൽ താഴെ ചേർത്തിട്ടുള്ള അപാകതകൾ നില നിൽക്കുന്നതായി കാണുന്നു.
A) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലെക്സിൽ നിന്നും 2022-23 വർഷം വരെ 2249585/- രൂപ വാടക കുടിശികയായി നിലനിൽക്കുന്നു. കുടിശ്ശിക പിരിച്ചെടുക്കാതിരുന്നതിന് കാരണം വ്യക്തമാക്കിയില്ല.
B)2023-2024 വർഷം ചുവടെ പറയുന്ന കടമുറികളിലെ വാടക ഒടുക്കിയിട്ടില്ല. രജിസ്റ്റർ പ്രകാരം ഈ വാടകക്കാരുടെ പേരിൽ കേസ് എന്ന് എഴുതി ചേർത്തിട്ടുണ്ട് .

മുറി നം.	വാടകക്കാരന്റെ പേര്	വാടക നിരക്ക്
3	ശ്രീമതി ജമീല കീച്ചേരത്ത്	4950
6	ശ്രീ.ഭാഗ്യനാഥൻ, സ്വാമിപുരത്ത്	1797
7	ശ്രീ.മോഹനൻ, പട്ടാണിപറമ്പിൽ	1034

C)കട മുറി നം. 4 അടച്ചിട്ടിരിക്കുന്നതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു.
വാടക കുടിശ്ശിക നിവാരണത്തിനായി സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 18/23-24/17.08.24) ശ്രീമതി.ജമീല കീച്ചേരത്ത് (മുറിനം 3), ശ്രീ.മനോജ് ദേവികൃപ (മുറി നം 4), ശ്രീ.ഭാഗ്യനാഥൻ,സ്വാമിപുരത്ത് (മുറി നം 6),ശ്രീ.മോഹനൻ പട്ടാണിപറമ്പിൽ (മുറി നം 7) എന്നിവരുടെ കേസ് മുൻസീഫ് കോടതിയിൽ നിലനിൽക്കുന്നുവെന്നും റവന്യൂറിക്കവറി നടപടികൾ ഓൺലൈനായി ഫയൽ ചെയ്തിട്ടുണ്ടെന്നും മറുപടി നല്കി.
കുടിശ്ശികയായ വാടക തുക പലിശസഹിതം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാൻ ഊർജ്ജിതനടപടികൾ സ്വീകരിക്കേണ്ടതും, റവന്യൂറിക്കവറി നടപടികൾ ഉൾപ്പെടെ സ്വീകരിച്ച് പഞ്ചായത്തിനുണ്ടാകുന്ന വരുമാനനഷ്ടം പരിഹരിക്കേണ്ടതുമാണ്. കൂടാതെ ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾ പുനർലേലം ചെയ്യുവാൻ സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

1-14 ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല

പ്രോജക്ട്	S0005/ എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	4,00,000
ചെലവ്	4,00,000
സാങ്ഷൻ നം.	309, /18.01.2024
ലഭിച്ച മരുന്നിന്റെ ടാക്സ് ഇൻവോയിസ് നം./തുക	LF-3175 /09.03.2024/ 139957/-

ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ്പൻസറിക്ക് (എൻ.എച്ച്.എം.)മരുന്ന് ലഭ്യമാക്കൽ എന്ന പ്രോജക്ടിന് (നം. S0005) 4 ലക്ഷം രൂപ ആലപ്പുഴ ഹോംകോയിൽ ഒടുക്കിയെങ്കിലും ഓഡിറ്റ് തീയതി വരെ(08/24) 1,39,957/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായത്. 2,60,043/- രൂപയുടെ മരുന്ന് ലഭിക്കാൻ ബാക്കിയാണ്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/17.8.24) ലഭ്യമാക്കിയ മറുപടിയിൽ നിരവധി തവണ പ്രസ്തുത സ്ഥാപനത്തിൻ കത്ത് നൽകിയിട്ടുണ്ടെങ്കിലും മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല എന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു. മരുന്നുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ ഇനി ലഭിക്കുവാനുള്ള മരുന്നിന്റെ വിലയായ 2,60,043/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ യഥാകാലം ലഭ്യമാക്കുന്നതിന് ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

1-15 പാലിയേറ്റീവ് കെയർ പദ്ധതിയുടെ മരുന്ന് കൃത്യമായി ലഭ്യമാക്കുന്നതിൽ കെ.എം.സി.എൽ. ന്റെ ഭാഗത്തു നിന്നും വീഴ്ച

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പാലിയേറ്റീവ് കെയർ പദ്ധതിയിൽ മരുന്നിനായി 3,00,732/-രൂപ അഡ്വാൻസ് കെ.എം.സി.എൽ. ന് നല്കിയിട്ടുണ്ട്. എന്നാൽ മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ഇതുവരെയും കെ.എം.സി.എൽ. ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം./പേര്	S0020/24 പാലിയേറ്റീവ് കെയർ		
ആകെ അടങ്കൽ	9,00,000 (വികസന ഫണ്ട്)		
	3,00,000 (ജില്ലാ പഞ്ചായത്ത്)		
ആകെ ചെലവ്	7,30,232 (വികസന ഫണ്ട്)		
	2,88,790 (ജില്ലാ പഞ്ചായത്ത്)		
സാങ്ഷൻ നം./തുക	1291/18.08.2023/ 1,10,995/-	170/25.09.2023/ 49,877/-	171/28.09.2023 / 1,39,860/-
പ്രൊഫോർമ ഇൻവോയിസ് നം.	912/14.08.2023	1291/25.09.2023	1427/28.09.2023

ആകെ 3,00,732/-രൂപ നല്കിയതിൽ പ്രൊഫോർമ ഇൻവോയിസ് നം.912/14.08.2023 പ്രകാരമുള്ള 1,10,995/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാകാതിരുന്നതിന്മേൽ വിശദീകരണവും സ്വീകരിച്ച തുടർ നടപടികളും അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.4/23-24/13.08.24 ന് 20.09.23, 18.12.23, 02.02.24 തീയതികളിൽ കെ.എം.സി.എൽ. ന് കത്ത് നല്കിയിട്ടുണ്ട് എന്ന് മറുപടി നല്കി. ഇനിയും ലഭിക്കുവാനുള്ള മരുന്നിന്റെ വിലയായ 1,10,995/- രൂപ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ ആരോഗ്യ വിദ്യാഭ്യസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്. മരുന്ന് ലഭിക്കുന്ന മുറയ്ക്ക് ബില്ലും സ്റ്റോക്ക് എൻട്രിയും പരിശോധനയാക്കായി ലഭ്യമാക്കേണ്ടതാണ്.

1-16 ഗുണഭോക്താവിന്റെ മരണശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ നൽകി

A)22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.എന്നാൽ തഴക്കര ഗ്രാമ പഞ്ചായത്തിലെ 2023-24

കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ സസ്പെൻഡ് ചെയ്യാതെ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ അക്കൌണ്ട് സ്റ്റാറ്റസ് ആക്ടീവായി കാണുന്നു.ഉദാഹരണം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഗുണ ഭോക്താ വിന്റെ പേര്	പെൻഷൻ തരം	പെൻഷൻ ഐ.ഡി.	മരണം രജിസ്റ്റർ ചെയ്ത തീയതി	അനർഹമായ കാലയളവ്	അനർഹമായി വിതരണംചെയ്ത തുക	നിലവിലെ പെൻഷൻ സ്റ്റാറ്റസ്
1.	ജി.ശ്രീധരൻ പിള്ള	വാർദ്ധക്യ പെൻഷൻ	104850200225	06.10.23	11/23 മുതൽ 03/24 വരെ	1600x5=8000	സസ്പെൻഡഡ്
2.	പി.ഡി പത്രോസ്	വാർദ്ധക്യ പെൻഷൻ	104850204997	13.11.23	12/23 മുതൽ 03/24 വരെ	1600x4=6400	സസ്പെൻഡഡ്
3.	ഗ്രേസികുട്ടി	വാർദ്ധക്യ പെൻഷൻ	104850202661	16.11.23	12/23 മുതൽ 03/24 വരെ	1600x4=6400	സസ്പെൻഡഡ്
4.	മാധവിയമ്മ	വാർദ്ധക്യ പെൻഷൻ	104850201006	26.11.23	12/23 മുതൽ 03/24 വരെ	1600x4=6400	സസ്പെൻഡഡ്
5.	ശാരദാമ്മ	വാർദ്ധക്യ പെൻഷൻ	104850600318	04.12.23	12/23 മുതൽ 03/24 വരെ	1600x3=4800	ആക്ടീവ് (*)
		ആകെ				**32000/-**	

(*)ക്രമ നം.5 ലെ ഗുണഭോക്താവ് മരണപ്പെട്ടു പോയെങ്കിലും പെൻഷൻ സ്റ്റാറ്റസ് നിലവിലും ആക്ടീവായാണ് കാണുന്നത്.
അനർഹമായി വിതരണം ചെയ്ത തുക ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കി സർക്കാർ ഫണ്ടിൽ ഒടുക്കി അറിയിക്കേണ്ടതാണ്.
B)ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടു എങ്കിലും ടിയാളുകൾ രണ്ടു പെൻഷൻ കൈപ്പറ്റിയിരുന്നതായി കാണുന്നു. മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഒരു പെൻഷൻ സ്റ്റാറ്റസ് നിലവിലും ആക്ടീവായാണ് കാണുന്നത്.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	പെൻഷൻ തരം	പെൻഷൻ ഐ.ഡി.	മരണം രജിസ്റ്റർ ചെയ്ത തീയതി	സ്റ്റാറ്റസ്
1.	മുഹമ്മദ് ഹസ്സൻ റാവുത്തർ	വാർദ്ധക്യ പെൻഷൻ	104850203132	13.11.2023	സസ്പെന്റെഡ്
		കർഷക പെൻഷൻ	2220076568		ആക്ടീവ്
2.	ലക്ഷ്മി	വാർദ്ധക്യ പെൻഷൻ	104850203068	15.12.2023	സസ്പെന്റെഡ്
		KBOCWWB ഫാമിലി പെൻഷൻ	2043258203		ആക്ടീവ്

ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 25/19.08.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം മരണപ്പെട്ടതും അക്കൗണ്ട് ആക്ടീവായും നിലനിൽക്കുന്ന കൂടുതൽ ഗുണഭോക്താക്കളുണ്ടോയെന്ന് പരിശോധിച്ച് അനർഹരെ ഒഴിവാക്കേണ്ടതും അനർഹമായി തുക കൈമാറിയിട്ടുണ്ടെങ്കിൽ തുക തിരികെ ഈടാക്കി സർക്കാർ ഫണ്ടിൽ ഒടുക്കേണ്ടതുമാണ്.

1-17 ടോയ്ലെറ്റ് നിർമ്മാണം - സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാതെ തുക ചെലവ് ചെയ്തു

പ്രോജക്ട് നമ്പർ 304/24

പ്രോജക്ടിന്റെ പേര് - ടോയ്ലെറ്റ് നിർമ്മാണം SBM -ഫേ

സ് -2

നിർവഹണം - വി.ഇ.ഒ
അടങ്കൽ – 924000(720000(കേന്ദ്ര ഫണ്ട്)+204000(തനത് ഫണ്ട്))
ചെലവ് – 292600 (228000 (കേന്ദ്ര ഫണ്ട്)+ 64600 (തനത് ഫണ്ട്))

മേൽ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ 19 ഗുണഭോക്താക്കൾക്ക് ടോയിലെറ്റ് നിർമ്മാണത്തിനായി 15,400 രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. 12,000 രൂപ ശുതിത്വമിഷൻ ഫണ്ടിൽ നിന്നും 3,400 രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് നം. G.O(Rt)No.1375/2021/LSGD/22.7.21 അനുബന്ധം 1 പ്രകാരം ഒരു യൂണിറ്റിന് (പുതിയ കക്കുസ്) ആകെ 15,400 രൂപ വീതം ധനസഹായം അനുവദിക്കാമെന്നും ഇതിൽ 3,400 രൂപ വികസന ഫണ്ട് /ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിൽ നിന്നും അനുവദിക്കാമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി ഗുണഭോക്താക്കൾ പദ്ധതിക്കാലയളവിൽ (സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ടം പദ്ധതി 2020-25) പുതിയ ഭവനം നിർമ്മിച്ചവരായിരിക്കണമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ ഗുണഭോക്താക്കളുടെ ഭവനത്തിന്റെ കാലപ്പഴക്കം സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.മേൽ ഗുണഭോക്താക്കളുടെ വീടുകൾ 2013 ന് മുമ്പ് അസസ്സ് ചെയ്തിട്ടുള്ളതാണെന്ന് സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം.2/12.08.24 ന് ലഭ്യമാക്കിയ മറുപടിയിൽ 2016 ൽ ODF പ്രഖ്യാപിക്കുകയും തുടർന്ന് വന്ന പ്രളയം കാരണം പല വീടുകളിലും ശൗചാലയങ്ങൾ പുനർനിർമ്മിക്കാൻ കഴിയാത്ത വിധത്തിൽ തകർന്നുവെന്നും ഇത്തരം കുടുംബങ്ങൾക്ക് ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടിയാണ് തുക വിനിയോഗിച്ചതെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള ശൗചാലങ്ങളുടെ നിർമ്മാണം ഗ്രാമ പഞ്ചായത്ത് വഴി നടപ്പാക്കുന്ന വീട് വാസയോഗ്യമാക്കൽ, സെപ്റ്റിക് ടാങ്കുകളുടെ റിട്രോഫിറ്റിംഗ് എന്നീ അനുവദനീയമായ പദ്ധതികളിൽ ഉൾപ്പെടുത്തി നിർവഹിക്കാവുന്നതാണ്. SBM ഫണ്ടിൽ നിന്നും ടി പദ്ധതിക്കായി വിനിയോഗിച്ച 2,28,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെലവ്

1) 24000 (Utr No.691EPAINIPAY29012024928/30.1.24

2) 6800 (Ch.No.001465/17.1.24)

3) 84000 (Utr No.K26022024128/-333/26.2.24)

4) 23800 (Ch.No.001482/22.2.24)

5) 48000 (Utr No.K05032024154/5.3.24)

6) 13600 (Ch.No.001493/5.3.24)

7) 3400 (Ch.No.001502/25.3.24)

8) 60000 (Utr No.Req23032024142-181/22.3.24)

9) 12000 (Utr No.27032024/27.3.24)

10) 17000 (Ch.No.990980/19.3.24)

1-18 മഴക്കാല പൂർവ്വ ശുചീകരണം -രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

മഴക്കാല പൂർവ്വ ശുചീകരണത്തിനായി തനതു ഫണ്ട് വിഹിതമായി 10,000/-രൂപ വീതം എല്ലാ വാർഡ് സാനിട്ടേഷൻ കമ്മിറ്റികൾക്കും (01 മുതൽ 21 വരെ വാർഡുകൾ) 25.05.2023 ൽ അക്കൗണ്ട് ട്രാൻസ്ഫർ മുഖേന അനുവദിച്ചിരുന്നു. ഓഡിറ്റിനായി ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ് നം.	പരാമർശം
6	16.06.2023 വരെയുള്ള ചെലവ് മാത്രമേ ക്യാഷ് ബുക്കിൽ എഴുതിയിട്ടുള്ളൂ. പാസ്സ് ബുക്ക് കൃത്യമാക്കിയിട്ടില്ല
5	08.06.2023 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മന്റും ചെലവു രേഖയുമാണ് ഹാജരാക്കിയത്. സാമ്പത്തിക വർഷ അടിസ്ഥാനത്തിൽ ക്യാഷ് ബുക്ക് കൃത്യമാക്കിയിട്ടില്ല.
2	25.09.2023 വരെ മാത്രമേ പാസ്സ് ബുക്ക് പതിച്ചിട്ടുള്ളൂ. സാമ്പത്തിക വർഷ അടിസ്ഥാനത്തിൽ ക്യാഷ് ബുക്ക് കൃത്യമാക്കിയിട്ടില്ല.

1,4	29.09.2023 വരെ മാത്രമേ പാസ്സ് ബുക്ക് പതിച്ചിട്ടുള്ളൂ. സാമ്പത്തിക വർഷ അടിസ്ഥാനത്തിൽ ക്യാഷ് ബുക്ക് കൃത്യമാക്കിയിട്ടില്ല.
9,11	2022-23 ലെ ചെലവു രേഖകളാണ് ഹാജരാക്കിയത്. പാസ്സ് ബുക്ക് കൃത്യമാക്കിയിട്ടില്ല. 2023-24 ലെ ക്യാഷ് ബുക്ക് എഴുതിയിട്ടില്ല.
17, 20, 16,	ക്യാഷ് ബുക്ക് കൃത്യമാക്കിയിട്ടില്ല.
12,13,14	ക്യാഷ് ബുക്കും പാസ്സ് ബുക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
8,10	പാസ്സ് ബുക്ക് 31.05.2023 മാത്രമേ പതിച്ചിട്ടുള്ളൂ. 21.09.2023 വരെ മാത്രമാണ് ക്യാഷ് ബുക്ക് എഴുതിയിട്ടുള്ളത്. സാമ്പത്തിക വർഷ അടിസ്ഥാനത്തിൽ ക്യാഷ് ബുക്ക് കൃത്യമാക്കിയിട്ടില്ല.

രേഖകൾ മേൽ പരിശോധനയ്ക്ക് വിധേയമാക്കാത്തതിനാലാണ് ഇപ്രകാരമുള്ള അപാകങ്ങൾ സംഭവിച്ചിട്ടുള്ളത്. അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.20/23-24/17.08.2024 ന് മറുപടി ലഭിച്ചില്ല.

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നുവെന്നും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുവെന്നും മേലുദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

1-19 ഭിന്നശേഷിക്കാർക്ക് ആനുകൂല്യം - UDID (Unique Disability Identity Card) ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ 18/24

പ്രോജക്ടിന്റെ പേര് - ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് വിതരണം നടത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ അടിസ്ഥാനത്തിൽ ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ കൂടുതൽ അപേക്ഷകളിലും യു.ഡി.ഐ.ഡി കാർഡ് വെച്ചിട്ടില്ല. 2016 ലെ ഭിന്നശേഷി അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയൊട്ടാകെ ഭിന്നശേഷിക്കാർക്ക് ഏകീകൃത ഐഡന്റിറ്റി കാർഡ് എന്ന നിലയിലാണ് UDID കാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇത് സർക്കാർ ആനുകൂല്യത്തിനുള്ള ആധികാരിക രേഖയാക്കി കേന്ദ്ര സർക്കാരും കേരളത്തിൽ സാമൂഹ്യ നീതി വകുപ്പും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻകുയറി നം.3/12.08.24 ന് നൽകിയ മറുപടിയിൽ UDID കാർഡ് കിട്ടുന്നതിനുള്ള സാങ്കേതിക പ്രായോഗിക തടസ്സങ്ങൾ മൂലം നിലവിൽ ആനുകൂല്യം കൈപ്പറ്റിക്കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് ഡിസെബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകിയെന്നും ഗുണഭോക്താക്കൾക്ക് UDID കാർഡ് ലഭിക്കുന്ന മുറക്ക് ഫയലിൽ സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. മുഴുവൻ ഗുണഭോക്താക്കൾക്കും ഐ.ഡി കാർഡ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-20 ഭവന പുനരുദ്ധാരണം - പ്രവർത്തി പൂർത്തിയാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ - 70/ 24

പ്രോജക്ടിന്റെ പേര് - ഭവന പുനരുദ്ധാരണം
നിർവഹണം – വി.ഇ.ഒ.
അടങ്കൽ – 47,25,000 (3719000(വികസന ഫണ്ട് ജനറൽ) + 1006000(തനത് ഫണ്ട്)
ആകെ ചെലവ് -18,75,000(വികസന ഫണ്ട് ജനറൽ)
ചെലവ്
1) ട്രഷറി ബിൽ റഫ.നം. 23070452010101005407/30-12-23 , 450000 (വികസന ഫണ്ട് ജനറൽ)
2) ട്രഷറി ബിൽ റഫ.നം. 23070452010101005409/30-12-23 , 337500 (വികസന ഫണ്ട് ജനറൽ)
3) ട്രഷറി ബിൽ റഫ.നം. 23070452010101065252/12.1.24 , 450000 (വികസന ഫണ്ട് ജനറൽ)
4) ട്രഷറി ബിൽ റഫ.നം. 23070452010101065256/12.1.24 , 262500 (വികസന ഫണ്ട് ജനറൽ)
5) ട്രഷറി ബിൽ റഫ.നം. 23070452010101197709/9.2.24 , 375000 (വികസന ഫണ്ട് ജനറൽ)

മേൽ പ്രോജക്റ്റിന്റെ അടിസ്ഥാനത്തിൽ 50 ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിനായി അഡ്വാൻസായി 37,500 രൂപ വീതം തൻവർഷം അഡ്വാൻസായി നൽകിയിട്ടുണ്ട്. ഇതിൽ 45 ഗുണഭോക്താക്കൾ അടുത്ത വർഷം പ്രവർത്തി പൂർത്തീകരിച്ചു. എന്നാൽ 5 ഗുണഭോക്താക്കളുടെ അപേക്ഷയിൽ പ്രവർത്തി പൂർത്തീകരിച്ചത് സംബന്ധിച്ച വാലുവേഷൻ സ്റ്റേറ്റ്മെൻറ് ഉൾപ്പെടുത്തിയിട്ടില്ല. വാലുവേഷൻ സ്റ്റേറ്റ്മെൻറ് ഉൾപ്പെടുത്താത്ത ഗുണഭോക്താക്കളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1) തങ്കമ്മ, തുണ്ടിയിൽ, വാർഡ് - 21

2) നസീർ കെ., തടത്തിൽ തെക്കേതിൽ, വാർഡ് - 5

3) ബിന്ദു സത്യദാസ്, ശിവ ഭവനം, വാർഡ് -7

4)എസ്.എൻ.ശ്രീകല, കരിപ്പോൺ പുത്തൻവീട്, വാർഡ് - 3

5) അമ്മിണി, മുട്ടത്തുവടക്കതിൽ വാർഡ് -5

അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറി നം.9/14.08.24 ന് നൽകിയ മറുപടിയിൽ ക്രമ നം.1,3,5 എന്നീ ഗുണഭോക്താക്കൾ പ്രവർത്തി പൂർത്തീകരിച്ചതായും വാല്യുവേഷൻ ലഭിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ അപേക്ഷ നൽകിയതായും ബാക്കി രണ്ട് പേർ പ്രവർത്തി ആരംഭിച്ചതായും അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ചിട്ടുള്ള 5 ഗുണഭോക്താക്കളുടെ പൂർത്തീകരണം സംബന്ധിച്ച വാല്യുവേഷൻ, ബാക്കി തുക കൈപ്പറ്റിയതിന്റെ വിശദാംശം എന്നിവ പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ ഈ ഗുണഭോക്താക്കൾക്ക് അഡ്വാൻസ് നൽകുന്നതിനായി വിനിയോഗിച്ച 1,87,500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 അഗതിരഹിത കേരളം പദ്ധതിക്കായി കൈമാറുന്ന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നില്ല

അഗതി രഹിത കേരളം പദ്ധതിയുടെ അക്കൗണ്ടിൽ സാമ്പത്തിക വർഷം തുടങ്ങുമ്പോൾ 32,56,124 രൂപ മുന്നിരിപ്പായി നിൽക്കുന്നുണ്ട്. മുൻ വർഷങ്ങളിൽ പദ്ധതി പ്രകാരം പഞ്ചായത്തിൽ നിന്നും കൈമാറിയ തുകയാണ് ഇത്. തൻവർഷവും 5 ലക്ഷം രൂപ പദ്ധതി വിഹിതമായി അഗതി രഹിതം കേരളം പദ്ധതിക്കായി മാറി നൽകിയിട്ടുണ്ട്. ചലഞ്ച് ഫണ്ടിനത്തിൽ തൻവർഷം തുകയൊന്നും സർക്കാരിൽ നിന്ന് ലഭ്യമായിട്ടില്ല. ഈ തുകയിൽ നിന്ന് തൻ വർഷം ഭക്ഷണ ആവശ്യത്തിനായി 14,17,879 രൂപയും ഭക്ഷണേതിര ആവശ്യത്തിനായി (ഭവന പുനരുദ്ധാരണം, ഭവന നിർമ്മാണം) 9,52,900 രൂപയും ചെലവഴിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ ഇത്രയും തുക ചെലവഴിക്കാതെ അക്കൗണ്ടിൽ നിൽക്കുമ്പോഴും തൻവർഷം വീണ്ടും പദ്ധതി വിഹിതം മാറി നൽകിയിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാനായി ഓഡിറ്റ് എൻകവയറി നം. 21/19.08.24 പ്രകാരം ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ അംഗീകരിച്ച പദ്ധതിയിൽ ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം എന്നിവക്ക് ആനുകൂല്യം നൽകേണ്ടതുള്ളതിനാലും ഭക്ഷ്യക്കിറ്റ് മുടക്കം കൂടാതെ മാറി നൽകുന്നതിന് വേണ്ടിയുമാണ് പദ്ധതി വിഹിതം മാറി നൽകിയതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വികസന ഫണ്ടിൽ നിന്ന് ഇപ്രകാരം അഡ്വാൻസിനത്തിൽ തുക പിൻവലിച്ച് ഡെപ്പോസിറ്റ് ചെയ്യുന്നത് ക്രമരാഹിത്യമായതിനാൽ അഗതി രഹിത കേരളം പദ്ധതിയുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന പദ്ധതി വിഹിതം അഗതികളുടെ ആവശ്യത്തിനായി വിനിയോഗിച്ച് വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-22 രാസവളത്തിന് സബ്സിഡി -നടപടിക്രമങ്ങൾ പാലിച്ചില്ല

പ്രോജക്ട് നമ്പർ - 23/24
പ്രോജക്റ്റിന്റെ പേര്- തെങ്ങ് കൃഷി വികസനം
നിർവ്വഹണം - കൃഷി ഓഫീസർ
അടങ്കൽ-4,00,000(200000 (വികസന ഫണ്ട് ജനറൽ) + 200000(മറ്റുള്ളവ))
ചെലവ് – 1,75,200 (വികസന ഫണ്ട് ജനറൽ)
മേൽ പദ്ധതി പ്രകാരം 114 കർഷകർക്ക് രാസവളം വാങ്ങിയ ബിൽ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം നിർവഹണ ഉദ്യോഗസ്ഥയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്ഥാപനം നിശ്ചയിച്ചിട്ടുള്ള സഹകരണ സംഘങ്ങളിൽ നിന്നോ, ലൈസൻസ് ഉള്ള അംഗീകൃത ഡീലർമാരിൽ നിന്നോ ബെനിഫിഷ്യറി നേരിട്ട് വാങ്ങേണ്ടതാണ്. എന്നാൽ തദ്ദേശസ്ഥാപനം ഇപ്രകാരം വളം വിതരണത്തിനായി സഹകരണ സംഘത്തെ തെരഞ്ഞെടുത്തിട്ടില്ല. ഗുണഭോക്താക്കൾ വളം വാങ്ങിയ സ്ഥാപനങ്ങളിലേക്ക് നിർവഹണ ഉദ്യോഗസ്ഥ ശുപാർശ കത്ത് നൽകിയിട്ടില്ല. മേൽ അപാകത സംബന്ധിച്ച് ഓഡിറ്റ് എൻകവയറി നം. 15/19.08.24 പ്രകാരം വിശദീകരണം ചോദിച്ചതിന് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കൾ വളം വാങ്ങിയ ബിൽ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 50% നിരക്കിൽ സബ്സിഡി അനുവദിച്ചതായി മറുപടി ലഭ്യമാക്കി.

സ്ഥാപനങ്ങളുടെ ലൈസൻസ് ഉൾപ്പെടുത്തിയിട്ടുള്ള ഫയൽ പരിശോധനക്ക് ലഭ്യമാക്കിയെങ്കിലും സമയ പരിമിതി മൂലം മുഴുവൻ സ്ഥാപനങ്ങളുടെയും ലൈസൻസ് പരിശോധിക്കാൻ കഴിഞ്ഞില്ല.സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് വളം വിതരണ പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-23 പ്രവർത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികൾ തൻ വർഷം പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നം.	പേര്	അടങ്കൽ	ചെലവ്	സാങ്ഷൻ നം.	നടപ്പാക്കേണ്ട പ്രവർത്തി	നിർവ്വഹണ ഏജൻസി
329	ചെറുകിട കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസ്	1,50,000/-	1,00,000 /-	388/01.03.2024	അറുനൂറ്റിമംഗലം 16-ാം വാർഡിൽ സീഡ് ഫാമിനു സമീപമുള്ള കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപ്പണികൾ	ഭൂജല വകുപ്പ്, ആലപ്പുഴ
60	വികസനത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ	1,61,708/-	1,31,049/- (ഇതിൽ 78,526/- രൂപയുടെ പ്രവർത്തികൾ പൂർത്തിയാക്കി. ബാക്കി 52,523/- രൂപയുടെ പ്രവർത്തികൾ പൂർത്തിയാക്കാനുണ്ട്)	46/23.06.23/ 6968 /-	വാർഡ് 12 – പയ്യംപള്ളിൽ കോളനി റോഡിലെ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നത്	കൊല്ലകടവ് സെക്ഷൻ ഓഫീസ്
				275/04.01.24/ 26703/-	വാർഡ് 13 ലെ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നത്	ചാരുമ്മൂട് സെക്ഷൻ ഓഫീസ്
				276/04.01.24/ 5963/-	വാർഡ് -9 കണ്ണകാളൻകാവ് റോഡിലെ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നത്	കൊല്ലകടവ് സെക്ഷൻ ഓഫീസ്
				277/04.01.24/ 8152/-	വാർഡ് -10ചെങ്കിരേത്ത് കളീയ്ക്കലയ്യത്ത് റോഡിലെ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നത്	കൊല്ലകടവ് സെക്ഷൻ ഓഫീസ്
				357/17.02.24/ 9372/-	വാർഡ് -10 മാർത്തോമ്മാപ്പള്ളി കളത്തട്ട് തറയിൽ റോഡിലെ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നത്	കൊല്ലകടവ് സെക്ഷൻ ഓഫീസ്
				399/11.03.24/ 21368/-	വാർഡ് -13 പള്ളിമുക്ക് വെട്ടിയാർ ഓട നിർമ്മാണത്തിന് തടസ്സമായി നിന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നത്	കൊല്ലകടവ് സെക്ഷൻ ഓഫീസ്

പ്രവർത്തിയുടെ പൂർത്തീകരണ പുരോഗതി സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം. 7 / 23-24/14.08.24, 26/23-24/19.08.24 എന്നിവയ്ക്ക് പ്രവർത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യ പത്രം ഓഡിറ്റിൽ ലഭ്യമാക്കുന്നതാണെന്ന് മറുപടി നല്കി. വിനിയോഗ സാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ ആകെ ചെലവ് തുകയായ 2,31,049/- രൂപയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ച 78,526/- രൂപ കഴിച്ചുള്ള 1,52,523/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 ലൈഫ് ഭവനം -നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ലൈഫ് ഭവന പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയതും നിലവിലും ഭവനം പൂർത്തീകരിക്കാത്തതുമായ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

എ) ലൈഫ് ഭവന പദ്ധതി - ജനറൽ

ക്രമ നം.	ഗുണഭോക്താവ്	വാർഡ്	കൈപ്പറ്റിയ തുക	അവസാന ഗഡു കൈ പറ്റിയ തീയതി
1	രാജീവ്കുമാർ, രജനി ഭവനം	4	3,00,000	23.02.2024
2	ഓമന ജോർജ്ജ്, പള്ളിത്തറ കിഴക്കേതിൽ	21	3,00,000	30.06.2023
3	ഓമന, ചരുർവടക്കതിൽ,	20	40,000	08.01.2024
4	സുനിൽകുമാർ, ശ്രീ വിലാസം	12	40,000	08.01.2024

ബി) ലൈഫ് ഭവന പദ്ധതി - എസ് .സി

ക്രമ നം.	ഗുണഭോക്താവ്	വാർഡ്	കൈപ്പറ്റിയ തുക	അവസാന ഗഡു കൈ പറ്റിയ തീയതി
1	ചെല്ലമ്മ, വടക്കേത്തറ	17	3,00,000	31.10.2023
2	സുലോചന, മലമുറ്റത്ത്	17	3,00,000	31.10.2023
3	ഗൗരിക്കുട്ടി, കൊച്ചിക്കൽ	6	3,00,000	21.08.2023
4	സന്തോഷ്, വടുതല	9	3,00,000	21.09.2023
5	ലിനി ഓമനക്കുട്ടൻ, അനന്തു നിവാസ്	4	40,000	26.05.2023
6	രഞ്ജിനി ആർ., പേരൂർ തറയിൽ	8	40,000	26.05.2023
7	പദ്മിനി ചന്ദ്രൻ, ശ്യാംലാൽ സദനം	6	40,000	26.05.2023
8	ജാനകി, വാഴത്തറയിൽ	6	3,00,000	21.08.2023
9	കൃഷ്ണകുമാരി, അരന്തലിൽ	3	40,000	15.06.2023
10	മണിക്കുട്ടൻ, കണ്ണങ്കര	5	2,00,000	18.12.2023
11	സരസമ്മ, കരണ്ടി അയ്യത്ത്	4	40,000	24.06.2023

മേൽ ഗുണഭോക്താക്കളെക്കൊണ്ട് ഭവന നിർമ്മാണം പൂർത്തീകരിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. ആനുകൂല്യം കൈപ്പറ്റിയ ശേഷം

ഭവനനിർമ്മാണം നടത്താൻ വിസമ്മതിക്കുന്ന ഗുണഭോക്താക്കളിൽ നിന്നും അവർ കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-25 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ

1) ഹരിത കർമ്മ സേനയുടെ പ്രസക്തിയും ലക്ഷ്യവും

ശുചിത്വം, മാലിന്യ സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി പൊതുജനാരോഗ്യം സംരക്ഷിക്കുക എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. മണ്ണ്, ജലം, വായു എന്നിവയുടെ വ്യത്തിയും ശുചിത്വവും നിലനിർത്തേണ്ടതും പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി ശാസ്ത്രീയ ശുചിത്വമാലിന്യ സംസ്കരണ രീതികളും ശീലങ്ങളും പൊതുജനങ്ങളിൽ വളർത്തേണ്ടതും പ്രാദേശിക സർക്കാരുകളുടെ ഉത്തരവാദിത്തമാണ്. ഇതിന്റെ വെളിച്ചത്തിൽ സംസ്ഥാനത്തൊട്ടാകെ അതിരൂക്ഷമായ രീതിയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന മാലിന്യപ്രശ്നത്തിന് പരിഹാരം കാണുന്നതിനാണ് ഹരിത കർമ്മസേന രൂപീകരിക്കപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാഹചര്യത്തിന് അനുസൃതമായി മാലിന്യ ശേഖരണവും സംസ്കരണവും വികേന്ദ്രീകരിക്കുന്നതിലൂടെ മാലിന്യപ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരമുണ്ടാക്കുകയും, അതോടൊപ്പം അവയിൽ നിന്ന് വരുമാനം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

2) ഹരിത കർമ്മ സേനയുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിലെ 21 വാർഡുകളിലായി 11380 ആൾ താമസമുള്ള വീടുകളും 1015 സ്ഥാപനങ്ങളും ഉണ്ട്. ഓരോ വാർഡിലും രണ്ട് വീതം ഹരിത കർമ്മ സേനാംഗങ്ങൾ പ്രവർത്തിക്കുന്നു. ഇവർക്ക് പ്രതിമാസം ലഭിക്കുന്ന ശരാശരി വേതനം 11,000 രൂപയാണ്. ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തിനായി വയബിലിറ്റിഗ്യാപ് ഫണ്ട് ഉപയോഗിക്കുന്നില്ല. ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം വഴി എല്ലാ വീടുകളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചു. മുൻകൂട്ടി തയ്യാറാക്കിയ ഷെഡ്യൂൾ പ്രകാരം ഓരോ മാസവും മാലിന്യ ശേഖരം നടത്തുന്നു. എല്ലാ മാസവും 15-ാം തീയതി മുതൽ 28-ാം തീയതി വരെയുള്ള സമയം കളക്ഷനു വേണ്ടി വിനിയോഗിക്കുന്നു. ശേഖരിക്കുന്ന മാലിന്യങ്ങൾ MCF ൽ എത്തിച്ച് വേർതിരിക്കുന്നു. പുനരുപയോഗ സാധ്യമായ വസ്തുക്കളെപ്പറ്റി അവബോധം നൽകുന്നു. മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ഹരിതകർമ്മ സേന/ തദ്ദേശസ്ഥാപനം 6 ബോധവൽക്കരണ കാമ്പെനുകൾ നടത്തിയിട്ടുണ്ട്.

3) മാലിന്യ ശേഖരണത്തിലെ കാര്യക്ഷമത

എല്ലാ വാർഡുകളിലും മിനി MCF കൾ ഉണ്ട്. ഇലക്ട്രിക് പെട്ടി ഓട്ടോയിൽ വാർഡുകളിൽ നിന്ന് മിനി MCF ലേക്കും അവിടെ നിന്ന് MCF ലേക്കും മാലിന്യം കൊണ്ട് പോകുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ സ്ഥാപിച്ചിട്ടുള്ള എം.സി.എഫ് ൽ പ്രതിമാസം 7 മുതൽ 10 ടൺ വരെ ഖരമാലിന്യം കൈകാര്യം ചെയ്യുന്നു. MCF ന് 2200 ച.അടി വിസ്തീർണമുണ്ട്. ഇവിടെ ടിപ്പിംഗ് ഏരിയ, സോർട്ടിംഗ് ഏരിയ, സ്റ്റോറേജ് ഏരിയ, മെഷീനറി ഏരിയ, അന്തിമ സംഭരണ സ്ഥലം, ഓഫീസ് ഏരിയ, ശുചിമുറി, വിശ്രമ മുറി, കുടിവെള്ള ലഭ്യത എന്നിവയുണ്ട്. എം.സി.എഫിലേക്ക് കൊണ്ടുവരുന്ന അജൈവ മാലിന്യം വെയിംഗ് മെഷീൻ ഉപയോഗിച്ച് അളവ് തിട്ടപ്പെടുത്തുന്നില്ല. മാലിന്യം കൈമാറുന്ന ഹരിതകർമ്മ സേന/ക്ലസ്റ്ററിന് രസീത് നൽകുന്നില്ല. എം.സി.എഫ് നിറയുന്നതിന് മുന്നായി മാലിന്യം നീക്കം ചെയ്യുന്നുണ്ട്. സെഗ്രിഗേഷന് അനുസൃതമായി മാസത്തിൽ രണ്ടോ മൂന്നോ തവണ എം.സി.എഫിൽ നിന്ന് മാലിന്യം നീക്കം ചെയ്യുന്നു. എം.സി.എഫിൽ വരവ് രജിസ്റ്റർ (അകത്തേക്ക് വരുന്ന മാലിന്യത്തിന്റെ അളവ് രേഖപ്പെടുത്താൻ), ചെലവ് രജിസ്റ്റർ (പുറത്തേക്ക് പോകുന്ന മാലിന്യത്തിന്റെ അളവ് രേഖപ്പെടുത്താൻ), സ്റ്റോക്ക് രജിസ്റ്റർ (മെഷീനറികൾ, ഉപകരണങ്ങൾ എന്നിവയുടെ വിശദാംശം) എന്നിവ സൂക്ഷിക്കുന്നില്ല.

4) ഹരിത കർമ്മ സേന കൺസോർഷ്യത്തിന്റെ പ്രവർത്തനം

ഹരിതസേനയുടെ കീഴിൽ വരുന്ന ദൈനദിന പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി ഹരിതകർമ്മസേന കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. കൺസോർഷ്യത്തിന്റെ കീഴിൽ ഹരിത സംരംഭകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതരത്തിൽ സംരംഭക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൺസോർഷ്യത്തിനായി ഓഫീസ് സംവിധാനം ഒരുക്കി നൽകിയിട്ടുണ്ട്.

5) കൺസോർഷ്യം മുഖേനയുള്ള സംരംഭക യൂണിറ്റുകൾ

ഹരിതകർമ്മസേനയുടെ സംരംഭക പ്രവർത്തനങ്ങളുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി കുടുംബശ്രീ സംവിധാനത്തിലൂടെ 3 ദിവസത്തെ പരിശീലന പരിപാടി (11.3.2024 മുതൽ 13.3.2024

വരെ) സംഘടിപ്പിച്ചിട്ടുണ്ട്.

മാലിന്യ നീക്കവുമായി ബന്ധപ്പെട്ട് ക്ലീൻകേരള കമ്പനിയുമായി 2023 ഒക്ടോബർ വരെയും എംപാനൽഡ് ഏജൻസിയായ ഗ്രീൻലൈഫുമായി അതിനു ശേഷമുള്ള കാലയളവിലും കരാറിലേർപ്പെട്ടിട്ടുണ്ട്. ഗ്രീൻലൈഫ് സമയബന്ധിതമായി മാലിന്യനീക്കം നടത്തുന്നുണ്ട്. തൻവർഷം ക്ലീൻകേരള കമ്പനിയ്ക്ക് 13.9 ടൺ മാലിന്യം കൈമാറുകയും 1,26,788 രൂപ വരുമാനമായി ലഭിക്കുകയും ഗ്രീൻലൈഫിന് 11.8 ടൺ മാലിന്യം കൈമാറുകയും 1,17,942 രൂപ വരുമാനമായി ലഭിക്കുകയും ചെയ്തു.

നിരോധിച്ച പ്ലാസ്റ്റിക് കവറുകളുടെ ഉപയോഗം, പ്ലാസ്റ്റിക് അലക്ഷ്യമായി വലിച്ചെറിയുക, കത്തിക്കുക മുതലായ നിയമ ലംഘനങ്ങളിൽ ഏർപ്പെട്ടവരിൽ നിന്ന് പിഴയിനത്തിൽ 15,000 രൂപ തൻവർഷം ഈടാക്കി.

മേൽ നടപടികളിലൂടെ ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ അജൈവ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ചിട്ടയായതും നിരന്തരവുമായ ഇടപെടൽ ആവശ്യമാണ്.

1-26 തൊഴിലുറപ്പ് പദ്ധതി- കരാറുകാരനിൽ നിന്ന് ജി എസ് ടി ഈടാക്കിയില്ല

2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള മരാമത്ത് പ്രവൃത്തികൾക്ക് കരാറുകാരന് നൽകേണ്ട തുകയിൽ നിന്ന് 2% തുക ജി എസ് ടി ഇനത്തിൽ സോഴ്സിൽ നിന്ന് കുറവ് ചെയ്ത് ഈടാക്കേണ്ടതാണ് എന്ന് ജി എസ് ടി ആക്ടിൽ വ്യവസ്ഥ ചെയ്യുന്നു.

പ്രവൃത്തിയുടെ പേര്	എം ബുക്ക്	കരാറുകാരന് നൽകിയ തുക	ഈടാക്കേണ്ട ജി എസ് റ്റി	FTO നം.
ചേലക്കാട് മല കനാൽ റോഡ് കോൺക്രീറ്റിംഗ് റീച്ച് 1	M-148/222-23	3,70,147 രൂപ	7403	202416870

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(27/19.8.24) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ ജി എസ് ടി ഇനത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന 7,403 രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി സർക്കാരിലേയ്ക്ക് അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ലാ പഞ്ചായത്ത്	2023-24	1,20,000	ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്	1,20,000	0
ജില്ലാ പഞ്ചായത്ത്	2023-24	2,88,790	പാലിയേറ്റീവ് കെയർ	2,88,790	0

ജില്ലാ പഞ്ചായത്ത്	2023-24	7,00,000	ലൈഫ് ഭവന പദ്ധതി-ജനറൽ	7,00,000	0
ജില്ലാ പഞ്ചായത്ത്	2023-24	10,00,000	പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	10,00,000	0
ജില്ലാ പഞ്ചായത്ത്	2023-24	52,80,000	ലൈഫ് ഭവന പദ്ധതി-എസ് സി	52,80,000	0
ജില്ലാ പഞ്ചായത്ത്	2023-24	75,000	പാലിന് സബ്സിഡി(ജനറൽ)	75,000	0
ജില്ലാ പഞ്ചായത്ത്	2023-24	1,38,500	അനുപൂരക പോഷകാഹാര പദ്ധതി (ജനറൽ)	1,38,500	0
ആകെ		76,02,290		76,02,290	
ബ്ലോക്ക് പഞ്ചായത്ത്	2023-24	14,80,000	ലൈഫ് ഭവന പദ്ധതി-ജനറൽ	14,80,000	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	2,00,000	അഗതി രഹിത കേരളം പദ്ധതി	2,00,000	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	4,00,000	ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്	4,00,000	
ബ്ലോക്ക് പഞ്ചായത്ത്	2023-24	3,00,000	ലൈഫ് ഭവന പദ്ധതി-എസ് സി	3,00,000	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	10,00,000	ലൈഫ് ഭവന പദ്ധതി-എസ് സി -സ്പിൽ ഓവർ	10,00,000	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	4,20,169	പാലിന് സബ്സിഡി(ജനറൽ)	4,20,169	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	2,50,000	അനുപൂരക പോഷകാഹാര പദ്ധതി (ജനറൽ)	2,50,000	0
ആകെ		40,50,169		40,50,169	

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	സാങ്ഷൻ നം./ തീയതി	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
ഭൂജല വകുപ്പ്, ആലപ്പുഴ	ചെറുകിട കുടിവെള്ള പദ്ധതികളുടെ മെയിന്റനൻസ്	388/ 01.03.2024	1,00,000	0	1,00,000
കെ.എസ്.ഇ.ബി.	വികസനത്തിന് തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക	46/23.06.23	6,968	0	6,968
		95/04.08.23	40,089	40089	0
		108/04.08.23	6,271	6271	0
		109/04.08.23	6,163	6163	0
		275/04.01.24	26,703	0	26,703
		276/04.01.24	5,963	0	5,963
		277/04.01.24	8,152	0	8,152
		357/17.02.24	9,372	0	9,372
		399/11.03.24	21,368	0	21,368

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി ഹഡ്കോ ലോൺ	-	98,00,000	78,09,190	21,60,896		1,54,48,294

4-5 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	1,28,46,396
തൻ വർഷം നിക്ഷേപിച്ച തുക	4,29,866(പലിശ)
ആകെ	1,32,76,262
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം	1,32,76,262

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/ പോസ്റ്റ്ഓഫീസ്)	നിക്ഷേപിച്ച തീയതി	കാലയളവ്	തുക	റിമാർക്സ്
	കേരള ബാങ്ക്	30.01.2024	181ദിവസം	1,32,76,262	പലിശ ചേർത്ത് പുതുക്കി നിക്ഷേപിക്കുന്നു
ആകെ				1,32,76,262	

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2015-16	3(1)	2016-17	7	കുടിവെള്ള പദ്ധതി സംബന്ധിച്ച്	പദ്ധതി പൂർത്തീകരിച്ചിട്ടില്ല

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	9,59,36,556
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	7,87,98,940
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	9,39,061/-

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-14	2,60,043/-	ഡോ.ശ്രീദേവി എൻ. നമ്പൂതിരി, മെഡിക്കൽ ഓഫീസർ ആയുർവേദം
1-20	1,87,500/-	ശ്രീ.രതീഷ് കുമാർ കെ., വി.ഇ.ഒ.
1-23	1,52,523/-	ശ്രീ.ഗോപകുമാർ എ., സെക്രട്ടറി
1-15	1,10,995/-	ഡോ.ജോജി പാപ്പി ജോർജ്ജ്, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി.
1-17	228000	ശ്രീ.രതീഷ് കുമാർ കെ, വി.ഇ.ഒ.
ആകെ	939061	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-26	7,403	ശ്രീ.ഗോപകുമാർ എ., സെക്രട്ടറി

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.ഗോപകുമാർ എ., സെക്രട്ടറി	സെക്രട്ടറി, തഴക്കര ഗ്രാമ പഞ്ചായത്ത്	കൃഷ്ണ ഭവനം, കരിപ്പുഴ പി.ഒ., ചെട്ടികുളങ്ങര, മാവേലിക്കര ആലപ്പുഴ
ഡോ.ജോജി പാപ്പി ജോർജ്ജ്, മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി., തഴക്കര ഗ്രാമ പഞ്ചായത്ത്	ഹെബ്രോൺ വില്ല, കണ്ണമംഗലം തെക്ക്, ചെട്ടികുളങ്ങര

ശ്രീ രതീഷ് കുമാർ കെ., വി.ഇ.ഒ.	വി.ഇ.ഒ., തഴക്കര ഗ്രാമ പഞ്ചായത്ത്	രതീഷ് ഭവനം, പെരിങ്ങാല, കായംകുളം
ഡോ.ശ്രീദേവി എൻ. നമ്പൂതിരി, മെഡിക്കൽ ഓഫീസർ, ആയുർവേദം	മെഡിക്കൽ ഓഫീസർ(ആയുർവേദം), തഴക്കര	ചേന്നമംഗലം, പുത്തൻ കാവ്ദേവി ടെമ്പിൾ ലേൻ, ഇടപ്പോൺ

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1997-98	എൽ.എഫ്.എ.5-1832/11/03.02.2012
2000-01	എൽ.എഫ്.എ.5-1832/11/03.02.2012
2001-02	എൽ.എഫ്.എ.5-1832/11/03.02.2012
2002-03	എൽ.എഫ്.എ.5-1832/11/03.02.2012
2003-04	എൽ.എഫ്.എ.5-1832/11/03.02.2012
2004-05	എൽ.എഫ്.എ.5-1832/11/03.02.2012
2005-06	എൽ.എഫ്.എ.5-1832/11/03.02.2012
2006-07	കെ.എസ്.എ-എ.എൽ.പി/ പി7-1590/22/02.05.2023
2007-08	കെ.എസ്.എ-എ.എൽ.പി/ പി7-1590/22/02.05.2023
2008-09	കെ.എസ്.എ-എ.എൽ.പി/ പി7-1590/22/02.05.2023
2009-10	എൽ.എഫ്.എ.5-1577/14/24.05.2014
2010-11, 2011-12	എൽ.എഫ്.എ/പി.7-1740/13/13.02.14/02.04.14
2012-13	എൽ.എഫ്.എ/പി.7-314/2015/10.04.15/17.07.15
2013-14, 2014-15	കെ.എസ്.എഎ.എൽ.പി/പി.7-1456/15/18.11.15
2015-16	കെ.എസ്.എ-എ.എൽ.പി/ പി7 -1590/22/02.05.2023
2016-17	കെ.എസ്.എ-എ.എൽ.പി/ പി7 -1590/22/02.05.2023
2017-18	കെ.എസ്.എ-എ.എൽ.പി/ പി7-1590/22/02.05.2023
2018-19	കെ.എസ്.എ-എ.എൽ.പി/ പി7-1590/22/02.05.2023
2019-20	കെ.എസ്.എ-എ.എൽ.പി/ പി7/56/2022/24.03.2022
2020-21	കെ.എസ്.എ-എ.എൽ.പി/ പി7/66/2022/06.05.2022
2021-22	കെ.എസ്.എ-എ.എൽ.പി/ പി7/169/2023/29.03.2023
2022-23	കെ.എസ്.എ-എ.എൽ.പി/പി 7 -1408/2023 /21/12/2023

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 6 dated 6 dated 22-05-2024 and submitted on 05-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Thazhakkara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Thazhakkara Grama Panchayat as on 31-03-2024

Date: 07/10/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Thazhakkara Grama Panchayat for the Year 2023-2024.

1.Major Observations

Nil

2.Other Observations

1)Annual D C B as per the Demand register of Property Tax does not match with that of A F S
2) Loan register is not mainained
3)Deposit register is not properly maintained.
4) Accumulated depreciation exceeds the closing balance of assets.

Deputy Director

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തഴക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്